## വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് – പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (PFMS) ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: (1). കേന്ദ്ര സർക്കാരിൽ നിന്നുള്ള 29.03.2019 ലെ D.O No. DBT9/2017-DBT Cell നമ്പർ കത്ത്.

(2) 7.2.2020 ലെ SJD-B1/558/2019-SJD നമ്പർ സർക്കാർ കത്ത്.

(3) 15.03.2021 ലെ സ.ഉ (പി) നമ്പർ 51/2021 /Fin നമ്പർ ഉത്തരവ്.

=======================================================================

**ഉത്തരവ് നമ്പർ WCD/A4-9791/20** **തീയതി: 24.03.2021.**

=======================================================================

കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സും കേന്ദ്ര സർക്കാർ ധനകാര്യ വകുപ്പും ചേർന്ന് വികസിപ്പിച്ച് നടപ്പിലാക്കുന്ന web based online software സംവിധാനമാണ് പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (PFMS) എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും അനുവദിക്കപ്പെടുന്ന ഫണ്ട് (Receipt) വിതരണം (Distribution) ചെലവഴിക്കാൻ (Expenditure & Payment ) റിപ്പോർട്ടിംഗ് എന്നിവ കോർബാങ്കിംഗ് സിസ്റ്റത്തിലൂടെ പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും ഈ Software System ത്തിലൂടെ വിലയിരുത്തപ്പെടുന്നു. കേന്ദ്രാവിഷ്കൃത പദ്ധതി ഗുണഭോക്താക്കാൾക്കുള്ള ആനുകൂല്യങ്ങൾ ഈ സിസ്റ്റത്തിലൂടെ നേരിട്ട് അനുവദിക്കപ്പെടുന്നു. (Direct Benefit Transfer).

2. വനിത ശിശുവികസന വകുപ്പ് മുഖേന നിരവധി കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കപ്പെടുന്നുണ്ടെങ്കിലും PFMS Online Software സംവിധാനം പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷം മുതൽ (2021-22) ഈ വകുപ്പുവഴി നടപ്പിലാക്കി വരുന്ന ചുവടെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ PFMS Platform – ൽ കൂടി മാത്രമായിരിക്കും നടപ്പിലാക്കുന്നത്.

1. ശിശു സംരക്ഷണ പദ്ധതി (ICPS)
2. ശിശുക്കളുടെ അഭിവൃദ്ധിക്ക് വേണ്ടിയുള്ള സേവനം (ICDS)
3. ICDS പരിശീലന പരിപാടി
4. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി. (SABALA)

GB

5. കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി (SNP General)
6. നാഷണൽ ക്രഷ് സ്കീ
7. ഉജ്ജ്വല
8. സ്വാധാർ
9. MGNREGS
10. മഹിള ശക്തി കേന്ദ്ര

3. മേൽ പ്രസ്താവിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ PFMS Platform വഴി നടപ്പിലാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്ന കാര്യാലയ മേധാവികൾ ഓരോ പദ്ധതിയുടെ പേരിലും ഓരോ ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇതിലേയ്ക്കായി ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് പരാമർശം (3) പ്രകാരം പൊതു അനുമതി ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞ 10 കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉജ്ജ്വല, സ്വാധാർ, MGNREGS എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളൊഴിച്ച് ശേഷിക്കുന്ന 7 പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫണ്ട് വിനിയോഗിക്കുന്ന കീഴ് കാര്യാലയ മേധാവികൾ ഓരോ പദ്ധതിയുടെ പേരിലും ഓരോ ബാങ്ക് അക്കൗണ്ട് എന്ന രീതിയിൽ Nationalized/ Commercial Bank കളിൽ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഫണ്ട് ഫ്ലോ അടിസ്ഥാനത്തിൽ ഓരോ കാര്യാലയ മേധാവികളും കൈകാര്യം ചെയ്യുന്ന പദ്ധതികളും ശീർഷകങ്ങളും അതിലേയ്ക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ട കീഴ് കാര്യാലയ മേധാവികളുടെ വിശദാംശങ്ങളും ചുവടെ പറയുന്നു.

| Sl No. | Head of Account | Name of Scheme and State Code | Nature of Fund Flow |
|---|---|---|---|
| 1. | 2235-02-102-61 | സമഗ്ര ശിശു സംരക്ഷണ പദ്ധതി (ICPS) | Director → DWCDO → DCPO<br>*Supdt, Children's Home (16)* / *Supdt, Special Home(2)* / *Supdt, Observation Home(8)* / *Supdt, Aftercare Home (2)* / *Supdt, Place of Safety(1)* |
| 2. | 2235-02-102-47 | ശിശുക്കളുടെ അഭിവൃദ്ധിക്ക വേണ്ടിയുള്ള ഏകീകൃത സേവനം (ICDS) | Director → DWCDO → PO, CDPO |

| | | | |
|---|---|---|---|
| 3. | 2235-02-102-44 | ICDSപരിശീലന പരിപാടി | Director → DWCDO |
| 4. | 2235-02-102-40 | കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി (സബല) | Director → DWCDO → PO, CDPO |
| 5. | 2235-02-102-39 | കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി (SNP general) | Director → DWCDO → PO/CDPO |
| 6. | 2235-02-102-38 | നാഷണൽ ക്രഷ് സ്കീം | Director → DWCDO → CDPO |
| 7. | 2235-02-103-65 | സ്വാധാർഗ്രഹ് പദ്ധതി | Director→Concerned |
| 8. | 2235-02-103-63 | ഉജ്ജ്വല | Director→ Concerned |
| 9. | 2235-02-103-54 | മഹിളാ ശക്തി കേന്ദ്ര (MSK) | Director →DWCDO |
| 10 | 2235-02-102-89 | MGNREGS (മൂലധന ചെലവ്) | Director →Concerned |

5. PFMS വഴി മേൽപറഞ്ഞ പദ്ധതികൾ 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിലേയ്ക്കായി 31.03.2021 നുള്ളിൽ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. ജില്ലാ അടിസ്ഥാനത്തിൽ PFMSൽ പദ്ധതികൾ മാപ്പ് ചെയ്യുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കു വേണ്ടി ജില്ലാ വനിത ശിശുവികസന

ഓഫീസർമാർ ഓരോ പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് , ബയോഡേറ്റ ( അനുബന്ധം 1 ൽ ചേർത്തിട്ടുള്ള മാതൃക) എന്നിവ ഏപ്രിൽ 4-ാം തീയതിയ്ക്കുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുവാൻ പാടുള്ളതല്ല.

( ഒപ്പ് )

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും

എല്ലാ സ്പെഷ്യൽ ഹോം സൂപ്രണ്ടുമാർക്കും

എല്ലാ ആഫ്റ്റർ കെയർ ഹോം സൂപ്രണ്ടുമാർക്കും

എല്ലാ ഒബ്സർവേഷൻ ഹോം സൂപ്രണ്ടുമാർക്കും

സൂപ്രണ്ട് പ്ലെയ്സ് ഓഫ് സേഫ്റ്റി

പകർപ്പ്:

1. സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് (ആമുഖ കത്ത് സഹിതം)
2. സെക്രട്ടറി, ധനകാര്യവകുപ്പ് (ആമുഖ കത്ത് സഹിതം)
3. പ്രോജക്ട് മാനേജർ, ICPS
4. സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്

GB

ANNEXURE-1

## AGENCY REGISTRATION DETAILS

| | |
|---|---|
| PAN No. | |
| Agency Name | |
| Registration No. | |
| Date of Registration (DD/MM/YY) | |
| Registration Authority | |
| State of Registration | |
| TIN No. | |
| TAN No. | |
| GST No. | |
| PAN verify status | Yes/No |
| AGENCY OFFICE ADDRESS DETAILS | |
| State | |
| District | |
| Rural/Urban | |
| Block | |
| Panchayat | |
| Village | |
| Pin Code | |
| Name of premises | |
| Road / Street/Post Office | |
| Area /Locality | |
| City | |
| AGENCY CONTACT DETAILS | |
| Contact premises | |
| Designation | |
| Phone No. | |
| Mob. No. | |
| E-mail | |

GB